**HADIA CSE Khutba Notes (09.08.2019)**

# തിരുനബി(സ്വ)യുടെ വിടവാങ്ങൽ പ്രഭാഷണം

ഏതൊരു ചരിത്രനായകന്മാരുടെ ജീവിതത്തിലും നമുക്ക് ചില അസുലഭ മുഹൂർത്തങ്ങളും ശ്രദ്ധേയമായ പ്രഭാഷണങ്ങളും കാണാൻ സാധിക്കും. ഉദാഹരണമായി ഈസാ നബി (അ)ന്റെ ഗിരിപ്രഭാഷണം.

ഗലീലിയയിലെ മലമുകളിൽ വച്ച് നിർവഹിക്കപ്പെട്ട പ്രസംഗമായതിനാലാണ് ഇത് ഗിരിപ്രഭാഷണം എന്നറിയപ്പെടുന്നത്. യേശുവിന്റെ ശിഷ്യന്മാരും വലിയൊരു ജനതയും ഇതിന് സാക്ഷ്യം വഹിച്ചിരുന്നു. (വിശദ വിവരങ്ങൾക്ക് മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങൾ നോക്കുക). ഇപ്രകാരം പ്രവാചകൻ (സ്വ)യുടെ 23 വർഷത്തെ പ്രബോധന ജീവിതത്തിലെ വളരെ പ്രശസ്തവും ശ്രദ്ധേയവുമായ പ്രഭാഷണമായിരുന്നു ഹിജ്റ 10 ദുൽഹജ്ജ് 9നു അറഫാ ദിവസം പതിനായിരക്കണക്കിന് അനുയായികളെ സാക്ഷി നിറുത്തി അവിടന്ന് നിർവഹിച്ച ഖുതുബതുൽവദാഅ്. പേര് സൂചിപ്പിക്കുന്നത് പോലെ അവിടത്തെ വിടവാങ്ങൽ പ്രഭാഷണമായിരുന്നു ഇത് എന്ന് പറയാം.

പ്രഭാഷണങ്ങളിലെ പ്രവാചക ചര്യയായ ഹംദ് ചൊല്ലിക്കൊണ്ടാണ് അവിടന്ന് പ്രസ്തുത പ്രഭാഷണം ആരംഭിക്കുന്നത്. തുടർന്ന് അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കാൻ സത്യവിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ഇവ രണ്ടുമാണ് പ്രഭാഷണത്തിന്റെ ആമുഖം എന്ന് പറയാം.

ശേഷം അവിടന്ന് പറയുന്നു:

**أما بعد: أيها الناس، اسمعوا مني أُبَيِّن لكم فإني لا أدري لعلي لا ألقاكم بعد عامي هذا في موقفي هذا.**

ഇതിലൂടെ തിരുമേനി (സ്വ)യുടെ അമാനുഷികതയാണ് പ്രകടമാകുന്നത്. അതോടൊപ്പം തങ്ങളുടെ അവസാന പ്രഭാഷണമായതുകൊണ്ട് ഇത്രയും കാലം താൻ പ്രചരിപ്പിച്ച ധർമസന്ദേശങ്ങളുടെ രത്നച്ചുരുക്കമാണ് ഇനി പറയാൻ പോകുന്നത് എന്ന് ഇതിലൂടെ അവിടന്ന് സൂചിപ്പിക്കുകയാണ്. ഏതൊരാളും അവന്റെ അവസാനത്തെ സംസാരത്തിൽ ഏറെ മർമപ്രധാനമായ കാര്യങ്ങൾ മാത്രമാണല്ലോ സൂചിപ്പിക്കുക. പിന്നെ പ്രവാചകൻ (സ്വ) പ്രസംഗത്തിന്റെ ഉള്ളടക്കത്തിലേക്ക് പ്രവേശിക്കുകയാണ്.

അതിനെ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം.

1) മനുഷ്യ ശരീരത്തിന്റെയും സമ്പത്തിന്റെയും അന്തസ്സ്.

**أيها الناس، إن دماءكم وأموالكم حرامٌ عليكم إلى أن تلقَوا ربَّكم، كحُرمة يومكم هذا في شهركم هذا في بلدكم هذا.**

ഹറമിനെ പൊതുവെ വിശുദ്ധമായിട്ടാണല്ലോ ആളുകൾ കാണുന്നത്. പണ്ട് സ്വന്തം പിതാവിന്റെ ഘാതകനെ കണ്ടാൽ പോലും അറബികൾ ഹറമിൽ വച്ച് പ്രതികാരം ചോദിക്കാറില്ല; പ്രത്യേകിച്ച് ദുൽഹിജ്ജ പോലുള്ള യുദ്ധം നിഷിദ്ധമായ മാസങ്ങളിൽ. ചുരുക്കത്തിൽ ഹറമിനും ദുൽഹിജ്ജ മാസത്തിനും അറഫ ദിവസത്തിനും നൽകുന്ന പാവനത്വം മനുഷ്യന്റെ ജീവനും ധനത്തിനും നൽകണമെന്ന് പ്രവാചകൻ (സ്വ) ആഹ്വാനം ചെയ്യുന്നു.

2) അമാനത്ത് സ്വത്തിന്റെ പ്രാധാന്യം.

**فمن كانت عنده أمانة فليؤدها إلى من ائتمنه عليها.**

അമാനത്ത് എന്നത് കൊണ്ട് കേവലം ഒരാൾ മറ്റൊരാളെ സൂക്ഷിക്കാൻ ഏൽപിച്ച സ്വത്ത് മാത്രമല്ല ഉദ്ദേശ്യം. മറിച്ച് ഒരു മനുഷ്യൻ നിർവഹിക്കൽ അനിവാര്യമായ എല്ലാ കടമകളും ഇതിന്റെ പരിധിയിൽ വരുന്നതാണ്. സൂറത്തുന്നിസാഅ് 58ന്റെ വ്യാഖ്യാനത്തിൽ ഇക്കാര്യം മുഫസ്സിറുകൾ വിശദീകരിച്ചിട്ടുണ്ട്.

**(إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَى أَهْلِهَا) وهذا يعم جميع الأمانات الواجبة على الإنسان، من حقوق الله، عز وجل، على عباده، من الصلوات والزكوات، والكفارات والنذور والصيام، وغير**

**HADIA CSE Khutba Notes (09.08.2019)**

## തിരുനബി(സ്വ)യുടെ വിടവാങ്ങൽ പ്രഭാഷണം

**ذلك، مما هو مؤتمن عليه لا يطلع عليه العباد، ومن حقوق العباد بعضهم على بعض كالودائع وغير ذلك مما يأتمنون به (٨) بعضهم على بعض من غير اطلاع بينة (٩) على ذلك. فأمر الله، عز وجل، بأدائها، فمن لم يفعل ذلك في الدنيا أخذ منه ذلك يوم القيامة ... وقال أبو العالية: الأمانة ما أمروا به ونهوا عنه. قال أبي بن كعب: من الأمانة أن المرأة ائتمنت على فرجها (ابن كثير) هذه الآية من أمهات الأحكام تضمنت جميع الدين والشرع (قرطبي)**

3) സാമ്പത്തിക വിശുദ്ധി.

ഇതിൽ പഴയ കാലത്ത് അറബികൾക്കിടയിൽ വളരെ പ്രചാരത്തിലുണ്ടായിരുന്ന പലിശയെ അവിടന്ന് എടുത്തു പരാമർശിക്കുന്നു. ഇക്കാര്യം പറയുമ്പോൾ പിതൃവ്യനായ അബ്ബാസ് (റ)വിന്റെ പേര് സൂചിപ്പിക്കുന്നതിലൂടെ ദീനിന്റെ കാര്യത്തിൽ യാതൊരു പക്ഷപാതവുമില്ലെന്നും ദീനിന്റെ നിയമങ്ങൾ ആദ്യം പാലിക്കേണ്ടതും ജീവിതത്തിൽ പകർത്തേണ്ടതും തന്റെ ബന്ധുക്കളും കുടുംബങ്ങളുമാണെന്നും പ്രവാചകൻ (സ്വ) പ്രഖ്യാപിക്കുന്നു.

**إن ربا الجاهلية موضوع، وإنَّ أول ربًا أبدأ به ربا عمي العباس بن عبد المطلب.**

ഇവിടെ മാത്രമല്ല, ജീവിതത്തിലുടനീളം തിരുമേനി (സ്വ) ശരീഅത്തിന്റെ നിയമങ്ങൾ ആദ്യം നടപ്പിലാക്കിയിരുന്നത് കുടുംബങ്ങൾക്കിടയിലായിരുന്നു. ഖുർആൻ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ടല്ലോ.

**يَانِسَاءَ النَّبِيِّ لَسْتُنَّ كَأَحَدٍ مِنَ النِّسَاءِ إِنِ اتَّقَيْتُنَّ فَلَا تَخْضَعْنَ بِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ وَقُلْنَ قَوْلًا مَعْرُوفًا وَقَرْنَ فِي بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الْأُولَى وَأَقِمْنَ الصَّلَاةَ وَآتِينَ الزَّكَاةَ وَأَطِعْنَ اللَّهَ وَرَسُولَهُ إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنْكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا (الاحزاب)**

പലിശ മാത്രമല്ല, ജാഹിലിയ്യത്തിലെ എല്ലാ സമ്പ്രദായവും നിരാകരിക്കുന്നെന്ന് ശേഷം പ്രവാചകർ പറയുന്നു. അതോടൊപ്പം നന്മകൾ അംഗീകരിക്കുന്നതിന് തടസ്സവുമില്ല. സദാനത്ത്, സിഖായത്ത് തുടങ്ങിയ വാക്കുകൾ അതാണ് സൂചിപ്പിക്കുന്നത്.

**وإن مآثر الجاهلية موضوعة غير السدانة والسقاية.**

നാം വിശ്വാസികൾ ആയിരിക്കുമ്പോൾ തന്നെ മറ്റു മതസ്തരും പ്രസ്ഥാനക്കാരും ചെയ്യുന്ന നന്മകൾ അംഗീകരിക്കാൻ മടിക്കേണ്ടതില്ലെന്ന് ഇതിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്. ഖുർആൻ പറയുന്നു:

**يَاأَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلَّا تَعْدِلُوا اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ (المائدة)**

4) ചെറുപാപങ്ങളെ അവഗണിക്കാതിരിക്കുക.

**أيها الناس، إن الشيطان قد يئس أن يُعبد في أرضكم هذه، ولكنه قد رضي أن يُطاع فيما سوى ذلك مما تحقرون من أعمالكم.**

പ്രവാചകന്റെ പ്രഖ്യാപനത്തിൽ നിന്ന് മനസ്സിലാകുന്നത് നമ്മുടെ ഉമ്മത്ത് നശിക്കുന്നത് പോലും ശിർക് കൊണ്ടോ കുഫ്റ് കൊണ്ടോ അല്ല, മറിച്ച് ചെറുദോശങ്ങളെ നിസ്സാരമാക്കുന്നത് കൊണ്ടാണെന്നാണ്. ചെറിയ ചില്ലകൾ കത്തിച്ച് വച്ച് ഒരുമിച്ച് കൂട്ടിയാൽ അത് വലിയ തീപ്പിടുത്തമായി മാറുന്നത് പോലെ ചെറുദോശങ്ങൾ നമ്മെ നശിപ്പിക്കുമെന്ന് തിരുമേനി (സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

**HADIA CSE Khutba Notes (09.08.2019)**

## തിരുനബി(സ്വ)യുടെ വിടവാങ്ങൽ പ്രഭാഷണം

**عَنْ سَهْلِ بْنِ سَعْدٍ قَالَ قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِيَّاكُمْ وَمُحَقَّرَاتِ الذُّنُوبِ كَقَوْمٍ نَزَلُوا فِي بَطْنِ وَادٍ فَجَاءَ ذَا بِعُودٍ وَجَاءَ ذَا بِعُودٍ حَتَّى أَنْضَجُوا خُبْزَتَهُمْ وَإِنَّ مُحَقَّرَاتِ الذُّنُوبِ مَتَى يُؤْخَذْ بِهَا صَاحِبُهَا تُهْلِكْه (احمد)**

5) സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി അല്ലാഹുവിന്റെ നിയമങ്ങളെ മാറ്റിമറിക്കാതിരിക്കുക.

ഇതിന് നിരവധി ഉദാഹരണങ്ങൾ സമകാലിക ലോകത്ത് നമുക്ക് കാണാൻ സാധിക്കും. പഴയ കാലത്ത് നിലവിലുണ്ടായിരുന്ന ഒരു രീതിയായിരുന്നു നസീഅ്. അഥവാ, സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാസങ്ങളെ മാറ്റിമറിക്കുക.

**أيها الناس، إن النسئ زيادة في الكفر يُضَلُّ به الذين كفروا يحلّونه عامًا، ويحرمونه عامًا، ليواطئوا عدة ما حرّم الله، وإن الزمان قد استدار كهيئته يوم خلق الله السموات والأرض، وإن عِدَّةَ الشهور عند الله اثنا عشر شهرًا في كتاب الله يوم خلق الله السموات والأرض، منها أربعة حُرُمٌ.**

6) ഭാര്യമാരോട് കാണിക്കേണ്ട ആദരവും ബാധ്യതകളും.

പ്രവാചകൻ (സ്വ) സ്ത്രീകൾക്ക് നൽകിയ ബഹുമാനം ഇതിൽ നിന്ന് വളരെ വ്യക്തമാണല്ലോ.

**أيها الناس، إن لنسائكم عليكم حقًّا ولكم عليهن حقٌ ألّا يوطئن فرشَكُم غيركم، ولا يُدخلنَ أحدًا تكرهونه بيوتَكم إلا بإذنكم، ولا يأتين بفاحشة، فإن فعلن، فإن الله أذن لكم أن تَعْضُلُوهُنَّ، وتهجروهُنَّ في المضاجع، وتضربوهنّ ضربًا غير مُبَرِّح، ٣ فإن انتهين وأطعنكم فعليكم رزقهنّ وكسوتهنّ بالمعروف، وإنما النساء عندكم عَوَان، لا يملكن لأنفسهنّ شيئًا، أخذتموهنّ بأمانة الله، واستحللتم فروجهنّ بكلمة الله، فاتقوا الله في النساء، واستوصوا بهنّ خيرًا.**

അവസാനത്തെ പ്രഭാഷണത്തിൽ മാത്രമല്ല, ജീവിതത്തിലെ അവസാന സമയത്തും പ്രവാചകൻ (സ്വ) സഹോദരിമാരെ ഓർത്തിട്ടുണ്ട്.

7) മുസ്‌ലിം സാഹോദര്യവും ഐക്യവും.

ഇവിടെ വിശ്വാസികൾ കാഫിറുകളെ പോലെ പരസ്പരം യുദ്ധം ചെയ്യരുതെന്നും മറിച്ച് ഖുർആൻ മുറുകെ പിടിച്ച് അവർ ഒരുമിച്ച് നീങ്ങണമെന്നും പ്രവാചകൻ (സ്വ) ഉണർത്തുന്നു.

**أيّها الناس، إنما المؤمنون إخوة، ولا يَحِلُّ لامرئ مال أخيه إلا عن طيب نفس منه، ألا هل بلّغت؟ اللهمّ اشهد، فلا تَرْجِعُنَّ بعدي كُفَّارًا يضرب بعضكم رقابَ بعض، فإني قد تركت فيكم ما إن أخذتم به لم تضِلوا بعده: كتاب الله**

8) വിശാല മാനവികതയുടെ പ്രാധാന്യം.

**أيها الناس، إن ربكم واحد، وإنَّ أباكم واحد، كلكم لآدم وآدم من تراب، أكرمكم عند الله أتقاكم، ليس لعربي فضلٌ على عجمي إلا بالتقوى. ألا هل بلغت؟ اللهم اشهد، فليبلغ الشاهدُ منكم الغائب.**

തുടർന്ന് അനന്തരാവകാശം, വസ്വിയ്യത്ത്, പിതൃത്വം തുടങ്ങിയ ചില കാര്യങ്ങൾ കൂടി സൂചിപ്പിച്ച് അവിടന്ന് പ്രഭാഷണം അവസാനിപ്പിക്കുന്നു.

ശ്രദ്ധിക്കുക: പ്രഭാഷണത്തിലെ ഓരോ ഭാഗവും വിശദീകരിക്കുമ്പോൾ ഉദാഹരണമായി സമകാലിക സംഭവങ്ങൾ ചേർത്തുവച്ചാൽ പ്രസംഗത്തിന്റെ കാലിക പ്രസക്തി വളരെ വേഗം പ്രകാശിപ്പിക്കാൻ സാധിക്കുന്നതാണ്. ഉദാഹരണത്തിന്, പലിശയെ കുറിച്ച് പറയുമ്പോൾ ഇന്നത്തെ പലിശാധിഷ്ഠിത ലോകവ്യവസ്ഥയും അതിന്റെ പരാജയവും വളർന്നു വരുന്ന പലിശരഹിത ബാങ്കിംഗും സൂചിപ്പിക്കാം.

**HADIA CSE Khutba Notes (09.08.2019)**

## തിരുനബി(സ്വ)യുടെ വിടവാങ്ങൽ പ്രഭാഷണം

ഭാര്യമാരുടെ ബാധ്യതകൾ പറയുമ്പോൾ ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയ പ്രധാന്യം മുതൽ മുത്വലാഖ് ബിൽ വരെ പരാമർശിക്കാം. അതുപോലെ മാനവികതയെ കുറിച്ച് പറയുമ്പോൾ ഇന്ത്യയിലെ വളർന്ന് വരുന്ന വർഗീയതയും ആൾകൂട്ട കൊലപാതകവും, മുസ്‌ലിം സാഹോദര്യം സൂചിപ്പിക്കുമ്പോൾ ഇന്നത്തെ വിശ്വാസികൾക്കിടയിലെ ഭിന്നിപ്പും അവർ ഒരുമിക്കേണ്ടതിന്റെ ആവശ്യകതയും മുതലായവ അവതരണത്തിൽ കൊണ്ടുവരാൻ ശ്രമിക്കുക.

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**